C.B(1)41442/2015

Office of the Registrar of Co-operative Societies
Thiruvananthapuram, Dated: 04/9/2015

Email : Keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : 0471-2331513, 0471-2331136

## സർക്കുലർ നമ്പർ . 41/15

വിഷയം:– സഹകരണവകുപ്പ് – ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന സഹകരണ ബാങ്കുകൾക്ക് രണ്ടും നാലും ശനിയാഴ്ച കളിലെ അവധി – മാർഗ്ഗനിർദ്ദേശം പുറപ്പെടുവിയ്ക്കുന്നത് – സംബന്ധിച്ച്

സൂചന:– റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ 28/8/2015 ലെ 2015–2016/528 പ്രസ് റിലീസ്

സൂചന മാർഗ്ഗനിർദ്ദേശ പ്രകാരം എല്ലാ ഷെഡ്യൂൾഡ്, നോൺ ഷെഡ്യൂൾഡ് ബാങ്കുകളും, എല്ലാ ദേശസാത്കൃത, സ്വകാര്യ, വിദേശ, സഹകരണ, റീജിയണൽ റൂറൽ ബാങ്കുകൾക്കും 2015 സെപ്തംബർ 1 മുതൽ മാസത്തിലെ രണ്ടാമത്തെയും നാലാമത്തെയും ശനിയാഴ്ച അവധി ദിവസം ആയിരിയ്ക്കുമെന്നും ഒന്നും, മൂന്നും ശനിയാഴ്ചകൾ മുഴുവൻ സമയവും പ്രവർത്തി ദിവസമായിരിക്കുമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന സംസ്ഥാന സഹകരണ ബാങ്കിനും, ജില്ലാ സഹകരണ ബാങ്കുകൾക്കും, അർബൻ സഹകരണ ബാങ്കുകൾക്കും 2015 സെപ്തംബർ 1 മുതൽ രണ്ടാമത്തെയും, നാലാമത്തെയും ശനിയാഴ്ചകൾ അവധി ദിവസമായിരിക്കുമെന്നും, ഒന്നും മൂന്നും ശനിയാഴ്ചകൾ മുഴുവൻ സമയ പ്രവർത്തി ദിവസമായിരിക്കുമെന്നും നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സംസ്ഥാനത്തെ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കും, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക വികസന ബാങ്കുകൾ, മറ്റു എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾ തുടങ്ങിയ വയ്ക്ക് റിസർവ്വ് ബാങ്ക് നിർദ്ദേശപ്രകാരമുള്ള അവധി ബാധകമായിരി ക്കുന്നതല്ലായെന്നും അറിയിക്കുന്നു.

സർക്കുലർ നിർദ്ദേശം എല്ലാ ബാങ്കുകളുടേയും, സംഘങ്ങളുടേയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

(ഒപ്പ്)
**എസ്സ്.ലളിതാംബിക.ഐ.എ.എസ്സ്**
സഹകരണസംഘം രജിസ്ട്രാർ

<u>പകർപ്പ്:-</u>

1. മാനേജിംഗ് ഡയറ്കടർ കേരള സംസ്ഥാന സഹകരണ ബാങ്ക്
2. മാനേജിംഗ് ഡയറ്കടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
3. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
4. ജനറൽ മാനേജർ, എല്ലാ അർബൻ ബാങ്കുകളും
5. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
6. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
7. മറ്റ് സംഘങ്ങൾ(ജോയിന്റ് രജിസ്ട്രാർ മുഖേന)
8. വെബ്സൈറ്റ്.
9. സ്റ്റോക്ക് ഫയൽ